# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.356 27-02-2018-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | ഡോ.ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**സംസ്ഥാനത്തെ പൊതു ധനസ്ഥിതി**

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ പൊതു ധനസ്ഥിതി യെന്തെന്ന് വെളിപ്പെടുത്തുമോ ; | അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ താല്ക്കാലിക കണക്കുകൾ പ്രകാരം 2017-18 നവംബർ 30 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 28,409.12 കോടി രൂപയാണ്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന മോട്ടോർ വാഹന നികുതി ഇതേ കാലയളവിൽ 21.18% ഉം സ്റ്റാമ്പ് & രജിസ്ട്രേഷൻ നികുതി 8.48% ഉം വളർച്ച രേഖപ്പെടുത്തിയപ്പോൾ ജി.എസ്.ടി/വാറ്റ് അടക്കം വിൽപ്പന നികുതിയിലെ വർദ്ധനവ് 3.65% ആയി കുറയുകയുണ്ടായി ടി കാരണം കൊണ്ട്, സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിലെ വിൽപ്പന നികുതി (ജി.എസ്.ടി/വാറ്റ്) ഒഴികെയുള്ള നികുതികൾ 11.42% വളർച്ച നേടിയപ്പോൾ വിൽപ്പന നികുതിക്ക് (വാറ്റ്/ജി.എസ്.റ്റി അടക്കം) 5.26% വർദ്ധനവ് മാത്രമേ കൈവരിക്കുവാൻ സാധിച്ചുള്ളൂ. ഈ കാലയളവിൽ തനത് നികുതിയേതര വരുമാനമായി 5817.60 കോടി രൂപ സംസ്ഥാനം സമാഹരിച്ചിട്ടുണ്ട്. ഈ ഇനത്തിലെ വളർച്ച 16.86% ആണ്. അതേസമയം കേന്ദ്ര സർക്കാരിൽനിന്നുള്ള ഗ്രാന്റിൽ 927.40 കോടി രൂപയുടെ ഇടിവു ണ്ടായിട്ടുണ്ട്. നിർദ്ദിഷ്ട കാലയളവിൽ പദ്ധതി ചെലവിൽ 20.35%-ന്റെയും പദ്ധതിയേതര ചെലവിൽ 22.16%-ന്റെയും മൂലധന ചെലവിൽ 8.34%-ന്റെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | ധനസ്ഥിതി മോശമാകാനുള്ള സാഹചര്യങ്ങൾ എന്തൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ; | നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നു വന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുമുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കവും സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലുണ്ടായ ഏറ്റക്കുറച്ചിലുകൾ ദൈനംദിന ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. മേൽ പ്രതിസന്ധിക്കിടയിലും വികസനക്ഷേമ പ്രവർത്തനങ്ങളിൽ വെട്ടിക്കുറവു വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സാമ്പത്തിക അച്ചടക്കം കർശനമായിപാലിച്ചും അഴിമതിയും ധൂർത്തും ഒഴിവാക്കിയും നികുതിപിരിവ് ഊർജ്ജിതപ്പെടുത്തിയും നികുതിയേതരവരുമാനം വർദ്ധിപ്പിച്ചും ടി പ്രതിസന്ധിയെ തരണം ചെയ്യുകയെന്നതാണ് സർക്കാരിന്റെ നയം. |
| (സി) | ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | |

അക്കൗണ്ട്സ് ഓഫീസർ